**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6579** **21.11.2019-ലെ മറുപടിക്ക്**

**'നിലമ്പൂർ താലൂക്കിൽ മിച്ചഭൂമിയുമായി ബന്ധപ്പെട്ട കേസിന്റെ ഇരകൾ'**

**ചോദ്യം**
**ശ്രീ.പി.വി.അൻവർ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | നിലമ്പൂർ താലൂക്കിലെ മൂത്തേടം വില്ലേജിലെ ഒന്ന്, രണ്ട്, മൂന്ന്, പതിനഞ്ച് എന്നീ വാർഡുകളിൽ ഉൾപ്പെട്ടതും, 1965 ന് മുമ്പായി കൈവശം വച്ചിരുന്നതുമായ നൂറ്റി ഏഴ് ഭൂവുടമകളും, അവരുടെ പിൻതുടർച്ചക്കാരായ മുന്നൂറ്റി അമ്പത് കുടുംബങ്ങളും മിച്ചഭൂമിയുമായി ബന്ധപ്പെട്ട കേസിന്റെ ഇരകളായി നീതി ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>എന്നാൽ നിലവിൽ ഒരു കക്ഷി സമർപ്പിച്ച ഹർജി പ്രകാരം നിലമ്പൂർ താലൂക്ക് നമ്പൂരിപ്പെട്ടിയിലെ അഞ്ഞൂറോളം കർഷകർ അൻപത് വർഷമായി കൈവശം വെച്ച് വരുന്ന സ്ഥലത്തെ മിച്ചഭൂമി കേസിൽ നിന്നും ഒഴിവാക്കി തരണം എന്ന ഹർജിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിലവിലുള്ള ഓരോ കൈവശക്കാരുടെ ഭൂമി സംബന്ധിച്ച കാര്യം നേരിട്ട് കാണുന്നതിനും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആതറൈസ്ഡ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | റ്റി.എൽ.ബി. സെക്ഷൻ 85 പ്രകാരം അപേക്ഷ പരിശോധിച്ച് നിയമപരമായി പരിഗണിച്ച് കാലതാമസം കൂടാതെ പ്രശ്നപരിഹാരമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | താലൂക്ക് ലാൻഡ് ബോർഡ് സെക്ഷൻ 85 പ്രകാരം സമർപ്പിക്കുന്ന ഹർജികൾ പരിശോധിച്ച് നിയമപരമായി പരിഗണിച്ച് കാലതാമസം കൂടാതെ പ്രശ്ന പരിഹാരമുണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**